(vi) കോമൺ ഫെസിലിറ്റി സെന്ററുകൾ
(vii) മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഡ്രെയിനുകൾ.

ഇത് കൂടാതെ പ്രത്യേക വിഭാഗം വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടിയുള്ള പാർക്കുകളിൽ ആ വ്യവസായങ്ങൾക്ക് മാത്രമായി ആവശ്യമുള്ള പൊതുസൗകര്യങ്ങളും ഏർപ്പെടുത്താറുണ്ട്.

വ്യവസായ പാർക്കുകൾക്ക് കിൻഫ്ര സ്ഥലമെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം

119 [2595] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എ. കെ. മണി:
,, ടി. എൻ. പ്രതാപൻ:
,, വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പാർക്കുകൾക്ക് കിൻഫ്ര സ്ഥലമെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡമെന്തെന്ന് വിശദീകരിക്കുമോ;

(ബി) ഏതു വ്യവസായത്തിന് ഏതു സ്ഥലം അനുയോജ്യമാണ് എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പ്രത്യേക പഠനമോ സർവ്വേയോ നടത്തിയ ശേഷമാണോ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര സംസ്ഥാന ഏജൻസികളിൽ നിന്നും കൈമാറ്റം ചെയ്തു കിൻഫ്രയ്ക്ക് കിട്ടിയ ഭൂമികൾ ഒഴികെ മറ്റുഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്:

കെ.എസ്.ഇ.ബി. വൈദ്യുതി എത്തിക്കുന്നതിനുള്ള സൗകര്യം, വ്യവസായ ആവശ്യത്തിനുള്ള വെള്ളം എത്തിക്കുന്നതിനുള്ള സൗകര്യം, വാർത്താവിനിമയ സൗകര്യങ്ങൾ, ചരക്ക് ഗതാഗതത്തിനുള്ള സൗകര്യം, എക്സ്പോർട്ട് പ്രമോഷൻ പാർക്ക് സ്ഥാപിക്കുമ്പോൾ തുറമുഖ സൗകര്യം, ഇതിനെല്ലാം പുറമെ ഭൂമി പൊന്നും വിലയ്ക്ക് എടുക്കുമ്പോൾ ഭൂമിക്ക് ഈടാക്കാൻ സാദ്ധ്യതയുള്ള വില, ഭൂമി ഏറ്റെടുക്കുമ്പോൾ ആവശ്യമായി വരുന്ന കുടിയൊഴിപ്പിക്കൽ എന്നിവയും ഘടകങ്ങളാണ്.

(ബി) കിൻഫ്ര വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനുവേണ്ടി വിശദമായ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. ടി റിപ്പോർട്ടിനുവേണ്ടി ഒരു ലാന്റ് ഫീസിബിലിറ്റി സ്റ്റഡി സിവിൽ എഞ്ചിനീയറിംഗ് വിദഗ്ദ്ധരെ കൊണ്ട് നടത്താറുണ്ട്.

കിൻഫ്രയുടെ ചുരുക്കം ചില പാർക്കുകൾ ഒഴികെ ഭൂരിപക്ഷം പ്രോജക്ടുകളും കേന്ദ്ര സർക്കാരിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായത്തോടുകൂടി നടത്തുന്നതിനാൽ പ്രസ്തുത പ്രോജക്ടുകളുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് കേന്ദ്ര സർക്കാർ ഏജൻസികളുടെ അംഗീകാരത്തിന് വിധേയമായാണ് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly